

# പറപ്പൂക്കര
# സെന്റ് ജോൺ നെപുംസ്യാൻ ഫൊറോന ഇടവക

ഇരിങ്ങാലക്കുട രൂപതയിലെ പഴക്കവും പാരമ്പര്യവുമുള്ള പള്ളികളിൽ ഒന്നായ പറപ്പൂക്കരപള്ളി എ.ഡി. 400-ൽ സ്ഥാപിതമായെന്ന് കരുതപ്പെടുന്നു. പരി. കന്യകാമറിയത്തിന്റെ നാമധേയത്തിൽ സ്ഥാപിതമായിരുന്ന പുരാതന ദേവാലയം വി. യോഹന്നാൻ നെപുംസ്യാന്റെ പേരിൽ ആക്കിയത് 1729-ൽ അദ്ദേഹത്തിന്റെ വിശുദ്ധപദ പ്രഖ്യാപനശേഷമാണ്. ''ലോനമുത്തപ്പൻ'' എന്ന പേരിൽ അറിയപ്പെടുന്ന ഇടവക മദ്ധ്യസ്ഥന്റെ തിരുനാൾ മേയ് 16-ാം തിയ്യതി ആഘോഷിച്ചുപോരുന്നു.

ആദ്ധ്യാത്മിക ചൈതന്യമുള്ള ഗ്രാമീണ കാർഷിക മേഖലയാണ് പറപ്പൂക്കര. വി. ഫ്രാൻസീസ് സേവ്യറിന്റെ പാദസ്പർശത്താൽ അനുഗ്രഹീതമായി ഇവിടം പരിഗണിക്കപ്പെടുന്നു. കേരളത്തിലെ പ്രേഷിതപര്യടനത്തിനിടയിൽ വിശുദ്ധൻ 1542-ൽ ഇവിടെ വരികയും വി. ബലി അർപ്പിക്കുകയും ചെയ്തുവെന്നാണ് പാരമ്പര്യം. അദ്ദേഹത്തിന്റെ സന്ദർശന സ്മാരകമായി പിന്നീട് സ്ഥാപിതമായതാണ് പള്ളിയുടെ മുൻവശത്തുള്ള കരിങ്കൽകുരിശ്. ഡിസംബർ 3-ാം തിയ്യതി വി. ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ 'ദോഷപൊറുതി തിരുനാളാ'യി ആഘോഷിച്ചിരുന്നു. ടിപ്പുസുൽത്താന്റെ പടയോട്ടത്തിൽ ഈ ദേവാലയത്തിന് കേടുപാടുകൾ സംഭവിച്ചിരുന്നതായി പഴയ ഭിത്തിയിൽ കാണാമായിരുന്നു. ഇതിന്റെ കീഴിൽ ഇപ്പോഴും നിലവിലുള്ള കുരിശുപള്ളികളാണ് മുത്രത്തിക്കര (മുത്തുരത്നക്കര)-1988, മുളങ്ങ് (1994) എന്നിവ.

അവിഭക്ത തൃശ്ശൂർ രൂപതയുടെ ഭാഗമായിരുന്ന പറപ്പൂക്കര ഇടവക സ്ഥിതിചെയ്യുന്നത് നാഷണൽ ഹൈവേയിൽ (NH47) ൽ നിന്ന് മൂന്ന് കിലോമീറ്റർ പടിഞ്ഞാറു മാറിയും ഇരിങ്ങാലക്കുട-തൃശ്ശൂർ റോഡിൽ മാപ്രാണത്ത് നിന്ന് 5 കിലോമീറ്റർ കിഴക്കോട്ടുമാറി കുറുമാലിപ്പുഴയുടെ തെക്കുഭാഗത്താണ്. തൃശ്ശൂർ രൂപതയിൽ ഫൊറോനാ ഡിവിഷനുകൾ രൂപംകൊണ്ടപ്പോൾ പറപ്പൂക്കരപള്ളി ആദ്യം ചാലക്കുടി ഫൊറോനയുടെ ഭാഗമായിരുന്നു.

## പറപ്പൂക്കര ഫൊറോന

1978-ൽ ഇരിങ്ങാലക്കുട രൂപത സ്ഥാപിതമായതിനെത്തുടർന്ന് 1979 ജനുവരി 25-ന് നിലവിൽവന്ന പുതിയ ഫൊറോനകളിൽ ഒന്നായിത്തീർ



പറപ്പൂക്കര പള്ളി പുരാതന മദ്ബഹ



പള്ളിയുടെ മുന്നിലുള്ള കരിങ്കൽ കുരിശ്



സെന്റ് മേരീസ് കപ്പേള, നെടുമ്പാൾ

ന്നു, പറപ്പൂക്കര. ആനന്ദപുരം, നെല്ലായി, നന്തിക്കര, മുപ്ലിയം, ഇഞ്ചക്കുണ്ട് (ലൂർദ്ദ്പുരം) എന്നീ ഇടവകകളും വെള്ളാരംപാടം കുരിശുപള്ളിയുമാണ് 1979-ൽ ഈ ഫൊറോനയുടെ പരിധിയിൽ ആയിരുന്നത്. എന്നാൽ, 2002 സെപ്തംബർ 10-ന് വരുത്തിയ ഫൊറോനകളുടെ പുനഃസംവിധാനം അനുസരിച്ച് പറപ്പൂക്കര, ആനന്ദപുരം - 2 പള്ളികൾ, കുഴിക്കാട്ടുകോണം, മുപ്ലിയം, നന്തിക്കര, നെല്ലായി, തൊട്ടിപ്പാൾ എന്നീ ഇടവകകളും മുളങ്ങ്, മുത്തുരത്നക്കര, വെള്ളാരംപാടം, പോങ്കോത്ര എന്നീ കുരിശുപള്ളികളും ഇതര സ്ഥാപനങ്ങളുമാണ് ഇപ്പോൾ ഉള്ളത്.

## പുതിയ പള്ളി

നിലവിലുണ്ടായിരുന്ന പുരാതന ദേവാലയം നൂറ്റാണ്ടുകളുടെ പഴക്കംകൊണ്ട് ജീർണ്ണിച്ചതിനാലാണ് പുതിയ പള്ളി പണിയുക എന്ന ആശയം ഇടവകക്കാരിൽ അങ്കുരിച്ചത്. 1978 സെപ്തംബർ 8-ന് തൃശ്ശൂർ മെത്രാൻ മാർ ജോസഫ് കുണ്ടുകുളം ശിലാസ്ഥാപനം നടത്തി. വികാരിയായിരുന്ന ബഹു. സിറിയക് അമ്പൂക്കനച്ചന്റെ കാലത്താണ് പുതിയ പള്ളിക്ക് തുടക്കം കുറിച്ചത്. തുടർന്ന് വികാരിയായി വന്ന പെ.ബഹു. റോക്കി വാഴപ്പിള്ളിയച്ചന്റെ നേതൃത്വത്തിൽ പണികൾ പൂർത്തിയാക്കി. 1980 ഏപ്രിൽ 27-ാം തിയ്യതിയാണ് ഇന്ന് കാണുന്ന ദേവാലയത്തിന്റെ കൂദാശാകർമ്മം ഇരിങ്ങാലക്കുട ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചത്. പഴയ പള്ളിയുടെ മനോഹരമായ അൾത്താരയും മദ്ബഹായും നിലനിർത്തിക്കൊണ്ടാണ് പുതിയ പള്ളി പണിതത്. ഇന്നത്തെ മനോഹരമായ ദേവാലയത്തിന് പഴയപള്ളിയുടെ ഇരട്ടിയിലധികം വിസ്തീർണ്ണമുണ്ട്- അതായത് 5000 ചതുരശ്ര അടി. അതിനുപുറമെ 1600 ചതുരശ്ര അടി വലുപ്പമുള്ള ബാൽക്കണിയുള്ളത് വിശേഷാവസരങ്ങളിൽ ഏറെ സൗകര്യപ്രദമാണ്. 71 അടി ഉയരമുള്ള ചേതോഹരമായ മുഖവാരമാണ് പുതിയ പള്ളിക്കുള്ളത്.

## അസ്സീസി കോൺവെന്റ് & ഹോസ്പിറ്റൽ

ചാരിറ്റി സിസ്റ്റേഴ്സിന്റെ ഒരു കോൺവെന്റ് (Congregation of Sisters of Charity) ഇവിടെ പള്ളിയിൽ നിന്ന് അല്പം മാറി, മെയിൻ റോഡിന് സമീപം 1974-ൽ സ്ഥാപിതമായി. ഈ ഗ്രാമപ്രദേശത്തിന്റെ ആവശ്യം മനസ്സിലാക്കി കോൺവെന്റിനോടനുബന്ധിച്ച് 1975-ൽ ഒരു ആശുപത്രിയും എളിയ തോതിൽ പ്രവർത്തനമാരംഭിച്ചു. ഒരു നഴ്സറി സ്ക്കൂളും സിസ്റ്റേഴ്സ് നടത്തുന്നുണ്ട്.



സെന്റ് മേരീസ്, മുത്രത്തിക്കര



മുളങ്ങ് കപ്പേള



അസ്സീസി കോൺവെന്റ് & ഹോസ്പിറ്റൽ

## മതബോധനമന്ദിരം

ഇടവകയിലെ വിശ്വാസപരിശീലനം സജീവവും കാര്യക്ഷമവുമാക്കുന്നതിന് ഒരു മതബോധനമന്ദിരം നിർമ്മിക്കുകയുണ്ടായി. ഇടവകയിലെ മതബോധന പ്രവർത്തനങ്ങൾ സൗകര്യപ്രദമായി നടത്തുന്നതിന് ഏറെ പ്രയോജകരമാണിത്.

## സെന്റ് ജോൺസ് പബ്ലിക് സ്ക്കൂൾ

പറപ്പൂക്കരയിലും സമീപപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് മേന്മയേറിയതും മൂല്യാധിഷ്ഠിതവുമായ വിദ്യാഭ്യാസം നല്കുകയെന്ന ലക്ഷ്യത്തോടെ 2005-ൽ പെ.ബഹു. ജോസ് പാലാട്ടിയച്ചൻ വികാരിയായിരുന്നപ്പോൾ ആരംഭിച്ചതാണ് സെന്റ് ജോൺസ് പബ്ലിക് സ്ക്കൂൾ.



സെന്റ് ജോൺസ് പബ്ലിക് സ്ക്കൂൾ

## ജീവജ്യോതി

അഗതികളായ വൃദ്ധർക്കുവേണ്ടി ബഹു. മർത്താ സിസ്റ്റേഴ്സ് (Congregation of Sisters of St.Martha) 2006-ൽ സ്ഥാപിച്ചതാണ് ജീവജ്യോതി മന്ദിരം. അതിനോടു ചേർന്ന് 2007-ൽ ഒരു മഠവും സ്ഥാപിതമായിട്ടുണ്ട്. 30 പേരെയാണ് ഈ സ്ഥാപനത്തിൽ സംരക്ഷിച്ച് പരിചരിക്കുന്നത്. പുതിയ കെട്ടിടം 26.05.2009-ൽ അഭിവന്ദ്യ പിതാവ് വെഞ്ചിരിച്ചു.



ജീവജ്യോതി - മർത്താ ഭവൻ
അഗതിമന്ദിരം

## പാരിഷ്ഹാൾ

ഇടവകയുടെ പൊതുവായ പരിപാടികൾക്കും ഇടവകാംഗങ്ങളുടെ ഉപയോഗത്തിനും വേണ്ടി നിർമ്മിച്ച് സജ്ജീകരിച്ചിട്ടുള്ള നല്ലൊരു പാരിഷ്ഹാൾ (ജ്യോതിസ്) ഇടവകയ്ക്ക് സ്വന്തമായുണ്ട്. ഇടവകയുടെ കൂട്ടായ്മയുടെ സാക്ഷാത്ക്കാരമാണിത്.




ജ്യോതിസ് പാരിഷ് ഹാൾ



മുളങ്ങ് കുരിശുപള്ളി



സെന്റ് ജോൺസ്
കപ്പേള



പഴയ പള്ളി